**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1915** **12-09-2023 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയുള്ള വിവിധ സഹായങ്ങൾക്കായി എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും പ്രസ്തുത ഇനത്തിൽ എത്ര തുകയാണ് സഹായമായി നൽകിയതെന്നും വിശദമാക്കാമോ; | (എ) | ആ സർക്കാർ അധികാരത്തിൽ വന്നശേഷം ചുവടെ പറയും പ്രകാരം വിവിധ പദ്ധതികൾ മുഖേന ധനസഹായം അനുവദിച്ചിട്ടുണ്ട്.<br><br>ആശ്വാസകിരണം:- 96086 അപേക്ഷകർക്ക് 7900 ലക്ഷം രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.<br><br>സ്നേഹസാന്ത്വനം:- 6864 അപേക്ഷകർക്ക് 2547.65 ലക്ഷം രൂപ സഹായമായി നൽകിയിട്ടുണ്ട്.<br><br>സമാശ്വാസം:- നിലവിലെ 5596 ഗുണഭോക്താക്കൾക്കായി 917 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>സ്നേഹപൂർവ്വം :- 49872 അപേക്ഷകർക്ക് 5615 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>സ്നേഹസ്പർശം:- 2573 ഗുണഭോക്താക്കൾക്കായി 463 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>വി-കെയർ :- പദ്ധതിയിലേക്ക് ലഭ്യമായ1479 അപേക്ഷകളിൽ പദ്ധതി മാനദണ്ഡമനുസരിച്ച് അർഹരായവർക്ക് 1043 ലക്ഷം രൂപ ചികിത്സാ സഹായമായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് ചികിത്സാ സഹായത്തിന് എത്തുന്ന അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് കഴിയാതെ വരുന്ന സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ചികിത്സ സഹായത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ മാനദണ്ഡപ്രകാരം ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാൻ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണിക്കുമോ; | (സി) | അപേക്ഷകൾ ഓൺലൈൻ മുഖേന സ്വീകരിക്കുന്നതിനുള്ള നടപടികൾ ഇൻഫർമേഷൻ കേരള മിഷന്റെ സഹായത്തോടുകൂടി തയ്യാറാക്കി വരുന്നു. |
| (ഡി) | അവയവ മാറ്റം പോലുള്ള ചികിൽസകൾക്ക് | (ഡി) | വി കെയർ പദ്ധതിയിൽ ലഭിക്കുന്ന അവയവമാറ്റം |

| | | | |
|---|---|---|---|
| | ധനസഹായം ലഭിക്കുന്നതിന് വേണ്ടി നൽകുന്ന അപേക്ഷകളിൽ സാങ്കേതിക കാരണങ്ങളാൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നിബന്ധനകളിൽ ആവശ്യമായ മാറ്റം വരുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | | ഉൾപ്പെടെയുള്ള അപേക്ഷകളിൽ മെഡിക്കൽ കമ്മിറ്റി ശുപാർശ ഉൾപ്പെടെ വിവിധ കമ്മിറ്റികളുടെ അംഗീകാരം ആവശ്യമാണ്. എന്നാൽ അടിയന്തിര സാഹചര്യങ്ങളിൽ അപേക്ഷയുടെ സ്വഭാവമനുസരിച്ച് ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തിന് വിധേയമായി എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർപേഴ്സന്റെയും ഗവേണിംഗ് ബോഡി ചെയർപേഴ്സന്റെയും അംഗീകാരത്തോടുകൂടി ചികിത്സാ സഹായം അനുവദിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ